അംഗൻവാടി വർക്കർ	കേന്ദ്രവിഹിതം	സംസ്ഥാന വിഹിതം	ആകെ
1. നോൺമെട്രിക്കുലേറ്റ്	438	200	638
2. നോൺ മെട്രിക്കുലേറ്റ് (5 വർഷം സേവനം പൂർത്തിയാക്കിയവർ)	469	200	669
3. നോൺ മെട്രിക്കുലേറ്റ് (10 വർഷം സേവനം പൂർത്തിയായവർ)	500	200	700
4. മെട്രിക്കുലേറ്റ്	500	200	700
5. മെട്രിക്കുലേറ്റ് (5 വർഷം സേവനം പൂർത്തിയായവർ)	531	200	731
6. മെട്രിക്കുലേറ്റ് (10 വർഷം സേവനം പൂർത്തിയായവർ)	563	200	763
7. ഹെൽപ്പർ	260	200	460

ഇത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ അംഗൻവാടി പ്രവർത്തകരുടെ സേവന വേതന വ്യവസ്ഥകൾ പുതുക്കി നിശ്ചയിക്കേണ്ടത് കേന്ദ്രസർക്കാരാണ്. ടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

(ഡി) അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും സെലക്ഷൻ പൂർത്തിയായാൽ ഉടൻ അംഗൻവാടികളുടെ പ്രവർത്തനം തുടങ്ങുന്നതാണ്.

വർക്കല നിയോജക മണ്ഡലത്തിലെ അംഗൻവാടികൾ

47 (620) ശ്രീ. എ. അലിഹസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല നിയോജകമണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകളിലും വർക്കല മുനിസിപ്പാലിറ്റിയിലും കൂടി എത്ര അംഗൻവാടികൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും അനുവദിച്ചിട്ടുള്ള അംഗൻവാടികളുടെ എണ്ണം എത്രയെന്നും ഗുണഭോക്താക്കളുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ ;

(സി) ഇവിടെ ജോലി നോക്കി വരുന്ന വർക്കേഴ്സിന്റെയും ഹെൽപ്പേഴ്സിന്റെയും ഇപ്പോഴത്തെ ശമ്പളം എത്ര വീതമെന്നും അവ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പഞ്ചായത്തുകൾ നിർമ്മിച്ചു കൊടുത്ത് പ്രവർത്തിച്ചു വരുന്ന ശിശുവിഹാർ കേന്ദ്രങ്ങൾ പഞ്ചായത്തുകൾ ആവശ്യപ്പെടുന്ന പക്ഷം ഏറ്റെടുത്തു പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വർക്കല നിയോജകമണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകളിലും വർക്കല മുനിസിപ്പാലിറ്റിയിലും കൂടി 130 അംഗൻവാടികൾ അനുവദിച്ചിട്ടുണ്ട്.

(ബി) ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും അനുവദിച്ചിട്ടുള്ള അംഗൻവാടികളുടെ എണ്ണം, ഗുണഭോക്താക്കളുടെ എണ്ണം ഇവ ചുവടെ ചേർക്കുന്നു.

പഞ്ചായത്തിന്റെ/ മുനിസിപ്പാലിറ്റിയുടെ പേര്	അനുവദിച്ചിട്ടുള്ള അംഗൻവാടികളുടെ എണ്ണം	ഗുണഭോക്താക്കളുടെ എണ്ണം
1. വെട്ടൂർ	14	898
2. ചെറുന്നിയൂർ	12	577
3. ഇടവ	18	1061
4. ഇലങ്കമൺ	15	1127
5. ചെമ്മരുതി	17	1157
6. മണമ്പൂർ	14	967
7. ഒറ്റൂർ	12	536
8. വർക്കല മുനിസിപ്പാലിറ്റി	2	169
9. യു.എസ്.എൻ.പി	3	165
10. പ്രവർത്തനം ആരംഭിക്കാത്തവ	23	
ആകെ	130	

(സി) അംഗൻവാടികളിൽ ജോലി നോക്കുന്ന വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ഇപ്പോഴത്തെ വേതനം ചുവടെ ചേർക്കുന്നു.

വർക്കർ	കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം	ആകെ
(1)	(2)	(3)	(4)
നോൺമെട്രിക്കുലേറ്റ്	438	200	638
5 വർഷം സേവനം പൂർത്തിയായവർ	469	200	669
10 വർഷം സേവനം പൂർത്തിയായവർ	500	200	700

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
മെട്രിക്കുലേറ്റ്	500	200	700
5 വർഷം പൂർത്തിയായവർ	531	200	731
10 വർഷം പൂർത്തിയായവർ	563	200	763
(ബി) ഹെൽപ്പർ	260	200	460

അംഗൻവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി അയച്ചിട്ടുണ്ട്.

(ഡി) നിലവിലുള്ള വ്യവസ്ഥകളനുസരിച്ച് സി.പി.ഡബ്ലൂ.പി. ബാലവാടികൾ, ഹരിജൻ, ഗിരിജൻ ബാലവാടികൾ എന്നിവ അംഗൻവാടികളാക്കി മാറ്റാവുന്നതാണ്. അതുപോലെ യു.ആർ.എഫ്. സെന്ററുകളിലെ കൺവീനർമാരെ അംഗൻവാടിയിൽ ഹെൽപ്പർമാരായി നിയോഗിക്കാവുന്നതാണ്. പഞ്ചായത്തുകൾ നിർമ്മിച്ചു കൊടുത്തു പ്രവർത്തിച്ചു വരുന്ന ശിശുവിഹാർ കേന്ദ്രങ്ങൾ ഏറ്റെടുത്ത് അംഗൻവാടിയാക്കാൻ ഇപ്പോൾ വ്യവസ്ഥകളൊന്നുമില്ല.

എഴുകോൺ പഞ്ചായത്തിന് അംഗൻവാടികൾ അനുവദിക്കാൻ നടപടി

48 (621) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര ശിശുവികസന പദ്ധതിയിൽപ്പെട്ട എഴുകോൺ പഞ്ചായത്തിൽ ജനസംഖ്യാനുപാതികമായി അംഗൻവാടികൾ ഇല്ലാത്ത സാഹചര്യത്തിൽ സംസ്ഥാനത്ത് അനുവദിച്ചതും പ്രവർത്തിക്കാത്തതുമായ ഏതാനും അംഗൻവാടികൾ എഴുകോൺ പഞ്ചായത്തിന് മാറ്റി നൽകുന്നത് സംബന്ധിച്ച കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ പ്രമേയം സർക്കാരിന് ലഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) അംഗൻവാടികൾ മാറ്റി നൽകുന്നത് സംബന്ധിച്ച നടപടികൾ കഴിവതും വേഗം പൂർത്തിയാക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2-6-2000 ൽ ലഭിച്ചിട്ടുണ്ട്.

(ബി) എഴുകോൺ പഞ്ചായത്തിൽ 2000 ലെ ഐ.സി.ഡി.എസ്. സർവ്വേ റിപ്പോർട്ട് അനുസരിച്ച് 23879 ആണ് ജനസംഖ്യ. 21 അംഗൻവാടികൾ ഈ പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഗുണഭോക്താക്കളുടെ കണക്കു നോക്കി കൂടുതൽ അംഗൻവാടികൾ ആവശ്യമെങ്കിൽ മാറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly